# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5436 — 31.10.2016 ൽ - മറുപടിക്ക്

## റേഷൻ ഉപഭോക്താക്കൾക്ക് അറിയാനുള്ള അവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ ഉപഭോക്താക്കൾക്ക് അറിയാനുള്ള അവകാശം ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br>(ബി) വിവിധ വിഭാഗം റേഷൻ ഉപഭോക്താക്കൾക്ക് ഓരോ ആഴ്ചയിലും അർഹതപ്പെട്ട ഭക്ഷ്യവസ്തുക്കളുടെ അളവ്, ഗുണമേന്മ, വില ഇവ സംബന്ധിച്ച കാര്യങ്ങൾ ഉപഭോക്താവിന്റെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ? | (എ) & (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ/ മുൻഗണനേതര ഉപഭോക്താക്കളുടെ പട്ടിക വകുപ്പിന്റെ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലും റേഷൻ കടകളുടെ അടിസ്ഥാനത്തിലും വിവരങ്ങൾ ലഭ്യമാണ്. റേഷൻ ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട ഉപഭോക്തൃ വിഹിതം സംബന്ധിച്ച വിവരങ്ങളും civilsupplieskerala.gov.in എന്ന പോർട്ടലിൽ പ്രസിദ്ധീകകരിച്ചിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പിലാക്കുമ്പോൾ ഓരോ കാർഡുടമയ്ക്കും അവരവരുടെ അർഹതപ്പെട്ട വിഹിതം, കൈപ്പറ്റിയ വിഹിതം, ബാക്കിയുള്ള വിഹിതം തുടങ്ങിയവ എസ്.എം.എസ് മുഖേന അറിയിക്കുവാൻ പദ്ധതിയുണ്ട്. കൂടാതെ റേഷൻ കടകളിലെ സ്റ്റോക്കിന്റെ നിലവാരവും അറിയിക്കുവാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ